# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4558 — 13.11.2019 ലെ മറുപടി

### തൃപ്പങ്കയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

**ചോദ്യം**

ശ്രീ.മുഹമ്മദ് മുഹസിൻ.പി :

**മറുപടി**

കെ.കൃഷ്ണൻകുട്ടി
(ജലവിഭവ വകുപ്പുമന്ത്രി)

(എ) പട്ടാമ്പി മണ്ഡലത്തിലെ വിളയൂർ പഞ്ചായത്തിൽ ആരംഭിക്കുന്ന തൃപ്പങ്കയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

(ബി) പദ്ധതി എന്ന് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്; ഇതിനു എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

(എ)യും (ബി)യും

തൃപ്പങ്കയം പദ്ധതിയുടെ വിശദ പര്യവേഷണം പൂർത്തിയായി. മെക്കാനിക്കൽ ഡിസൈൻ ലഭിക്കുന്നതിന് വേണ്ടി വിശദമായ പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)യുടെ കാര്യാലയത്തിൽ നിന്നും ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ) വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയർ മെക്കാനിക്കൽ വിഭാഗത്തിൽ നിന്നും പ്രസ്തുത ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ഭരണാനുമതി ലഭിച്ച് ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ആയതിന് ഒരു കോടി രൂപ ബഡ്ജറ്റിൽ (Work Appendix -Vol II) വകയിരുത്തിയിട്ടുണ്ട്.

(ഒപ്പ്)
സെക്ഷൻ ഓഫീസർ